# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2019 ജൂൺ 20, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I അറിയിപ്പ്

ശ്രീമതി കെ. ആർ. ഗൗരിയമ്മയ്ക്ക് ജന്മദിനാശംസകൾ

മി. സ്പീക്കർ: കേരള രാഷ്ട്രീയത്തിലെ ധീരവനിതയും പ്രഥമ നിയമസഭയിലെ ജീവിച്ചിരിക്കുന്ന ഏക അംഗവുമായ ശ്രീമതി കെ. ആർ. ഗൗരിയമ്മയ്ക്ക് 101-ാം ജന്മദിനാശംസകൾ നേരുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ശ്രീമതി കെ. ആർ. ഗൗരിയമ്മയുടെ ജന്മശതാബ്ദി ആഘോഷത്തിൽ എല്ലാ അംഗങ്ങൾക്കും പങ്കെടുക്കേണ്ടതിനാൽ 21-06-2019-ന് സഭ ചേരേണ്ടതില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): 100 വയസ്സ് തികയുന്ന ശ്രീമതി കെ. ആർ. ഗൗരിയമ്മയുടെ ജീവിതം ഭാവിതലമുറയ്ക്ക് ആവേശം പകരുന്നതായിരിക്കും. നാളെ സഭ ചേരേണ്ടതില്ലെന്ന മുഖ്യമന്ത്രിയുടെ അഭിപ്രായത്തോട് യോജിക്കുന്നു.

മി. സ്പീക്കർ: മുഖ്യമന്ത്രിയുടെയും പ്രതിപക്ഷ നേതാവിന്റെയും അഭിപ്രായം പരിഗണിച്ച് സഭയുടെ അനുമതിയോടെ 21-06-2019-ന് നിശ്ചയിച്ചിരുന്ന സമ്മേളനം ഒഴിവാക്കുന്നു.

## II അടിയന്തരപ്രമേയം

### കശുവണ്ടി മേഖലയുടെ പുനരുദ്ധാരണം

മി. സ്പീക്കർ: കശുവണ്ടി മേഖലയെ പുനരുദ്ധരിക്കാൻ നടപടികൾ സ്വീകരിക്കാത്തതും മൊസാംബിക്കിൽനിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്തതുവഴി കോടികളുടെ നഷ്ടമുണ്ടായതുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): കശുവണ്ടി മേഖലയിലെ കെടുകാര്യസ്ഥതയും നയവൈകല്യവുംമൂലം തൊഴിലാളികളുടെ ജീവിതം വഴിമുട്ടി നിൽക്കുന്നുവെന്നത് അടിസ്ഥാനരഹിതമായ ആരോപണമാണ്. കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കാൻ ഗവൺമെന്റ് ഫലപ്രദമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പൂട്ടിക്കിടന്ന സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിപ്പിക്കാനും തോട്ടണ്ടിയുടെ ലഭ്യതക്കുറവ് പരിഹരിക്കാനും സാധിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ കശുവണ്ടിത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനായി പ്രഖ്യാപിച്ച പാക്കേജ് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി അംഗീകരിക്കുകയും വായ്പ നൽകുന്നതിനുള്ള അനുമതിപത്രം നൽകുകയും 14-06-2019-ന് വീണ്ടും ചേർന്ന യോഗത്തിൽ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇ-ടെണ്ടർ സംവിധാനം അപ്രായോഗികമായതിനാൽ സീൽഡ് ടെണ്ടർ രീതി സ്വീകരിക്കാൻ ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ച് സുതാര്യമായാണ് തോട്ടണ്ടി ഇറക്കുമതിക്കുള്ള ടെണ്ടറുകൾ കാഷ്യൂ ബോർഡ് ക്ഷണിച്ചിട്ടുള്ളത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: കശുവണ്ടി മേഖലയിലെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനങ്ങൾ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. സർക്കാരിന്റെ കെടുകാര്യസ്ഥതമൂലം മൂന്ന് തൊഴിലാളികൾ ആത്മഹത്യ ചെയ്യുകയും നിരവധി തൊഴിലാളികളുടെ ജീവിതം വഴിമുട്ടിനിൽക്കുകയുമാണ്. കശുവണ്ടി മേഖലയ്ക്കാവശ്യമായ തോട്ടണ്ടി സംഭരിക്കുന്നതിന് കാഷ്യൂബോർഡ് ഇ-ടെണ്ടർ ഒഴിവാക്കി ആഫ്രിക്കൻ രാജ്യങ്ങളുമായുണ്ടാക്കിയ ഇറക്കുമതികരാർ നടപടിക്രമങ്ങളുടെ ലംഘനമാണ് വ്യക്തമാക്കുന്നത്. 5 ലക്ഷം രൂപയിൽ കൂടുതലുള്ള കരാർ ഇ-ടെണ്ടർ മുഖേനയായിരിക്കണമെന്ന വിജിലൻസ് കമ്മീഷന്റെ നിർദ്ദേശത്തെ അവഗണിച്ച് മൊസാംബിക്കിൽനിന്ന് ഇറക്കുമതി ചെയ്ത തോട്ടണ്ടി ഗുണനിലവാരം കുറഞ്ഞതായതിനാൽ കോടികളുടെ നഷ്ടമാണുണ്ടായിരിക്കുന്നത്. കട്ടിംഗ് ടെസ്റ്റിന് കമ്പനിയെ ചുമതലപ്പെടുത്തിയത് സംബന്ധിച്ച് പരിശോധന നടത്തുകയും തോട്ടണ്ടി ഇറക്കുമതിയുമായി ബന്ധപ്പെട്ട ദുരൂഹ സാഹചര്യങ്ങളെക്കുറിച്ച് അന്വേഷണം നടത്തുകയും വേണം. കശുവണ്ടിത്തൊഴിലാളികളെ ബാധിക്കുന്ന ഗുരുതരമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>): പത്രത്തിൽ പരസ്യം

ചെയ്യുന്നതുൾപ്പെടെയുള്ള വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് തോട്ടണ്ടി വാങ്ങുന്നത്. കാലതാമസമില്ലാതാക്കുന്നതിനുവേണ്ടിയാണ് ഇ-ടെണ്ടർ ഒഴിവാക്കി ബദൽ സംവിധാനം സ്വീകരിച്ചത്. ഒരുവർഷം 200 തൊഴിൽ ദിനങ്ങൾ നൽകാനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തുന്നത്. ഒക്ടോബർവരെ ഫാക്ടറികൾ പ്രവർത്തിപ്പിക്കാനുള്ള തോട്ടണ്ടി കോർപ്പറേഷൻ സംഭരിച്ചിട്ടുണ്ട്. കട്ടിംഗ് ടെസ്റ്റിന്റെ കാര്യത്തിൽ ഇതുവരെ ആക്ഷേപങ്ങളൊന്നുമുണ്ടായിട്ടില്ല. കഴിഞ്ഞ മൂന്നുവർഷമായി 262 കോടി രൂപ കാഷ്യൂ കോർപ്പറേഷന് സർക്കാർ നൽകിയിട്ടുണ്ട്. പ്രതിസന്ധിയിൽനിന്നും കോർപ്പറേഷനെ രക്ഷിക്കാനാണ് എസ്.പി.വി. രൂപീകരിക്കാൻ തീരുമാനിച്ചത്. പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ പുനരുദ്ധരിക്കാനായി എസ്.എൽ.ബി.സി.-യിൽ ആവശ്യമായ നിലപാട് സ്വീകരിക്കും. കഴിഞ്ഞ വർഷം എഗ്രിമെന്റിന് വിമുഖത പ്രകടിപ്പിച്ച ടാൻസാനിയൻ ഗവൺമെന്റ് ഇക്കൊല്ലം സ്റ്റോക്കുള്ള തോട്ടണ്ടി കാഷ്യൂബോർഡിന് നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## III ശ്രദ്ധ ക്ഷണിക്കൽ

(1) റോഡ്-പാലം പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാത്തതിനാലുള്ള നഷ്ടം

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സംസ്ഥാനത്ത് റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണപ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാർ ആധുനിക നിർമ്മാണ ഉപകരണങ്ങളുടെ അഭാവത്തിൽ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതെയും പൊതുമരാമത്ത് വകുപ്പിനെതിരെ കള്ളക്കേസുകൾ നൽകിയും നിരന്തരം കാലതാമസം വരുത്തി പൊതുഖജനാവിന് നഷ്ടമുണ്ടാക്കി സർക്കാരിനെയും ജനങ്ങളെയും പ്രതിസന്ധിയിലാക്കുന്ന സാഹചര്യം പരിശോധിക്കുന്നതിനും അത്തരം കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): റിവൈസ്ഡ് പി.ഡബ്ല്യു.ഡി. മാന്വൽ 2012, സ്റ്റാന്റേർഡ് ബിഡ് ഡോക്യുമെന്റിലെ

വ്യവസ്ഥകൾ എന്നിവപ്രകാരമാണ് കരാർ പ്രവൃത്തികൾ നടപ്പാക്കുന്നത്. പ്രവൃത്തികളുടെ കാലാവധി സാങ്കേതികകാരണങ്ങളാലല്ലാതെ ദീർഘിപ്പിച്ച നൽകേണ്ട സാഹചര്യത്തിൽ കരാറുകാരനിൽനിന്ന് പിഴ ഈടാക്കാമെന്നും കാരണം വ്യക്തമാക്കാതെ നിർത്തിവയ്ക്കുന്ന പ്രവൃത്തികൾ റിസ്ക് ആന്റ് കോസ്റ്റ് പ്രകാരം ടെർമിനേറ്റ് ചെയ്യാമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എല്ലാ ജില്ലകളിലും ഗുണനിലവാര ലാബുകൾ സ്ഥാപിക്കുകയും ത്രീ-ടയർ പരിശോധന നടത്തിവരികയും ചെയ്യുന്നുണ്ട്. കരാറുകാർ ആധുനിക നിർമ്മാണോപകരണങ്ങളുടെ ലഭ്യത സംബന്ധിച്ച് രേഖകൾ സമർപ്പിക്കണമെന്ന് കരാറിൽ നിഷ്കർഷിക്കുന്നുണ്ട്. പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാതെ ഒന്നിലധികം തവണ നീട്ടിവയ്ക്കുന്ന സാഹചര്യത്തിൽ എസ്കലേഷൻ ക്ലെയിം ഒഴിവാക്കി നിയമപരമായി പൂർത്തീകരണകാലാവധി ദീർഘിപ്പിക്കുന്നതിനാൽ പൊതുഖജനാവിന് നഷ്ടമുണ്ടാകുകയില്ല. പാർലമെന്റും നിയമസഭയും പാസ്സാക്കിയ നിയമത്തിനെതിരായി മജിസ്ട്രേറ്റ് കോടതിയിൽനിന്ന് എക്സ്-പാർട്ടി സ്റ്റേ കൊടുക്കുന്ന കാര്യം ഉന്നതനിയമവൃത്തങ്ങളെ അറിയിക്കുന്നത് സംബന്ധിച്ച് ആലോചിക്കുന്നതാണ്. പത്തനാപുരം, കൊട്ടാരക്കര ഭാഗത്തെ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് ബോർഡിന്റെ രണ്ട് റോഡുകളുടെയും നാഷണൽ ഹൈവേയുടെ ഒരു റോഡിന്റെയും പ്രവൃത്തിയിലെ അപാകതമൂലം 9 പേരെ സസ്പെൻഡ് ചെയ്യുകയുണ്ടായി. അപാകതകൾ പരിഹരിക്കുന്നതിനായി

ടെണ്ടർ വ്യവസ്ഥകളിൽ മാറ്റം വരുത്താനും വർക്ക്ഷോപ്പ് നടത്താനും ഉദ്ദേശിക്കുന്നുണ്ട്. നിയമത്തിന്റെ പരിധിയിൽനിന്ന് ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

## (2) എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിലെ നിലവാരത്തകർച്ചയും തൊഴിലില്ലായ്മയും

ശ്രീ. കെ. എസ്. ശബരീനാഥൻ: സംസ്ഥാനത്തെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിലെ നിലവാരത്തകർച്ചയും എഞ്ചിനീയറിംഗ് ബിരുദധാരികളുടെ തൊഴിലില്ലായ്മയും പരിഹരിക്കണം. എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്താനും ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും യോഗ്യതയുള്ള അദ്ധ്യാപകരെ നിയമിക്കാനും കോഴ്സുകളുടെ സിലബസ് പരിഷ്കരിക്കാനും തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): അദ്ധ്യാപന പരിചയവും ഉയർന്ന വിദ്യാഭ്യാസയോഗ്യതയും അദ്ധ്യാപന അഭിരുചിയുമുള്ളവരുടെ അഭാവം പഠനനിലവാരത്തെ ബാധിക്കുന്നുണ്ട്. എഞ്ചിനീയറിംഗ് സ്ഥാപനങ്ങൾ നടത്തുന്നതിന് എ.ഐ.സി.ടി.ഇ.-യുടെ നിബന്ധനകൾ കൃത്യമായി

പാലിക്കണമെന്ന് സ്വകാര്യ-സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എഞ്ചിനീയറിംഗ് വിദ്യാഭ്യാസരംഗത്തെ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങൾ മികച്ച നിലവാരം പുലർത്തുന്നുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി എല്ലാ കോളേജുകളും അക്രെഡിറ്റേഷന് വിധേയമാകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സാങ്കേതിക നൈപുണ്യ വികസന പ്രവർത്തനങ്ങളിൽ അദ്ധ്യാപകർക്ക് പരിശീലനം നൽകി പാഠ്യപ്രക്രിയയുടെ നിലവാരമുയർത്താനും വിദ്യാർത്ഥികളുടെ സ്വയംസംരംഭക പ്രവർത്തനങ്ങൾക്ക് സൗകര്യം നൽകാനുമുള്ള സംവിധാനങ്ങൾ ക്രമീകരിച്ചുവരികയാണ്. വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യ ന്യൂനതകൾ പരിഹരിക്കുന്നതിന് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലുൾപ്പെടെ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP) ആരംഭിക്കുകയും നൂതനവും തൊഴിലധിഷ്ഠിതവുമായ നൈപുണ്യ കോഴ്സുകളും വ്യക്തിത്വ വികസനത്തിനായുള്ള പരിശീലനവും നൽകുന്നതാണ്. സിലബസ് കാലോചിതമായി പരിഷ്കരിക്കുന്നതോടൊപ്പം നൂതന സാങ്കേതികവിദ്യകളും അടിസ്ഥാനതത്വങ്ങളും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്. ഈ മേഖലയിലെ കാലാനുസൃതമായ മാറ്റങ്ങളുൾക്കൊണ്ട് നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി കോഴ്സുകൾ പരിഷ്കരിച്ച് നവീന

ബ്രാഞ്ചുകൾ തുടങ്ങുന്ന കാര്യം അക്കാദമിക് കൗൺസിലിന്റെ സജീവ പരിഗണനയിലാണ്.

## IV സബ്മിഷൻ

### (1) മൊറട്ടോറിയത്തിനുള്ള അനുമതി നിഷേധിക്കൽ

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി അടിയന്തരമായി വിളിച്ചുകൂട്ടാൻ നടപടി സ്വീകരിക്കണം. കർഷകരുടെ വായ്പകൾക്ക് 2019 ഡിസംബർ 31 വരെ മൊറട്ടോറിയം നീട്ടുന്നതിന് അനുമതി നിഷേധിച്ച തീരുമാനം പിൻവലിക്കണമെന്ന് റിസർവ് ബാങ്കിനെ ബോധ്യപ്പെടുത്താൻ തയ്യാറാകണം.

ശ്രീ. പി. സി. ജോർജ്: മൊറട്ടോറിയത്തിന് അനുമതി നിഷേധിച്ച റിസർവ് ബാങ്ക് നടപടി അംഗീകരിക്കാൻ കഴിയില്ല. വായ്പകളുടെ പലിശ പൂർണ്ണമായും സർക്കാർ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): മൊറട്ടോറിയം ഡിസംബർ 31 വരെ നീട്ടാനുള്ള തീരുമാനം എസ്.എൽ.ബി.സി. മീറ്റിംഗിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിരുന്നുവെങ്കിലും റിസർവ് ബാങ്ക് അനുമതി നിഷേധിക്കുകയാണുണ്ടായത്. മൊറട്ടോറിയത്തിന്റെ കാലാവധി നീട്ടാൻ എസ്.എൽ.ബി.സി. യോഗത്തിനുതന്നെ തീരുമാനിക്കാമെന്നാണ് റിസർവ്

ബാങ്കിന്റെ നിലപാട്. ജൂൺ 25-ന് കൂടുന്ന എസ്.എൽ.ബി.സി. യോഗത്തിൽ ഈ വിഷയം പ്രധാന അജണ്ടയായി വയ്ക്കുകയും എസ്.എൽ.ബി.സി.-യുടെ വിവേചനാധികാരം ഉപയോഗിച്ച് മൊറട്ടോറിയം നീട്ടുന്നതിനുള്ള സർക്കാർ തീരുമാനം നടപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. റിസർവ് ബാങ്ക് ഗവർണറെ നേരിൽക്കണ്ട് സ്ഥിതിഗതികൾ ബോദ്ധ്യപ്പെടുത്തി അനുകൂല തീരുമാനമുണ്ടാക്കാൻ ശ്രമിക്കുന്നതാണ്. മൊറട്ടോറിയം പ്രഖ്യാപിച്ചിരിക്കുന്ന കാലയളവിനുള്ളിൽ വരുന്ന ജപ്തിനടപടികൾ മുന്നോട്ട് കൊണ്ടുപോകേണ്ടതില്ലെന്ന് റവന്യൂ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## (2) ചികിത്സാ ധനസഹായ സമാഹരണം

ശ്രീ. വി. ഡി. സതീശൻ: സാമൂഹ്യ മാധ്യമങ്ങളിലൂടെയുള്ള ചികിത്സാ ധനസഹായ സമാഹരണത്തിലെ തട്ടിപ്പ് അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സാമൂഹ്യ മാധ്യമങ്ങളിലൂടെയുള്ള ചികിത്സാ ധനസഹായ സമാഹരണത്തിലെ തട്ടിപ്പ് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാമെന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. യഥാസ്ഥിതി മനസ്സിലാക്കി അധികൃതസ്ഥാനത്തുനിന്നും സർട്ടിഫിക്കറ്റ്

നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(3) ബിരുദം യോഗ്യതയായിട്ടുള്ള തസ്തികകളുടെ പ്രായപരിധി

ശ്രീ. മഞ്ഞളാംകുഴി അലി: ബിരുദം യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകൾക്ക് അപേക്ഷിക്കാനുള്ള പ്രായപരിധി ഉയർത്തുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പി.എസ്.സി. മുഖേനയുള്ള പൊതുതസ്തികകളിലെ നിയമനങ്ങൾക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി 18-36 ആണ്. ഉയർന്ന പ്രായപരിധിയിൽ സംവരണ വിഭാഗങ്ങൾക്കും അർഹമായ ഇളവ് അനുവദിച്ചിട്ടുണ്ട്. എസ്.എസ്.എൽ.സി., പ്ലസ് ടു തുടങ്ങിയവ യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകളിലേയ്ക്ക് ഏറ്റവും കുറഞ്ഞ പ്രായത്തിൽത്തന്നെ അപേക്ഷ നൽകാൻ കഴിയുന്ന തരത്തിലാണ് പ്രായപരിധി നിശ്ചയിച്ചിട്ടുള്ളത്. ബിരുദം, ബിരുദാനന്തര ബിരുദം, മറ്റ് സാങ്കേതിക യോഗ്യതകൾ എന്നിവ ആവശ്യമായി വരുന്ന തസ്തികകൾക്ക് ഓരോ തസ്തികയുടേയും ജോലിസ്വഭാവമനുസരിച്ചും യോഗ്യതയുടെ അടിസ്ഥാനത്തിലും 18 മുതൽ 22 വരെ വ്യത്യസ്തമായ കുറഞ്ഞ പ്രായപരിധികൾ വിവിധ വകുപ്പുകളുടെ സ്പെഷ്യൽ റൂളുകളിൽ നിശ്ചയിച്ചിട്ടുണ്ട്. ബിരുദം

അടിസ്ഥാനയോഗ്യതയായുള്ള തസ്തികകൾക്ക് മാത്രമായി പ്രായപരിധിയിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണനയിലില്ല.

(4) ഭൂമി ഏറ്റെടുക്കൽ

ശ്രീ. വി. എസ്. അച്യുതാനന്ദൻ: അകത്തേത്തറ-നടക്കാവ് മേൽപ്പാലം നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുത്ത് സമയബന്ധിതമായി പാലം നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പാലക്കാട് ജില്ലയിലെ അകത്തേത്തറ-നടക്കാവ് മേൽപ്പാലം നിർമ്മിക്കുന്നതിന് 43.51 ആർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി പൊതുമരാമത്ത് വകുപ്പും ഡയറക്ട് നെഗോഷിയേറ്റഡ് പർച്ചേസിനുള്ള അനുമതി റവന്യൂ വകുപ്പും നൽകിയിരുന്നു. ഭൂമിവില സംബന്ധിച്ച വിവരം സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിക്ക് സമർപ്പിക്കുകയും 30.69 ആർ ഭൂമിയുടെ വില അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും രജിസ്ട്രേഷന് സമ്മതപത്രം നൽകിയ പത്ത് കൈവശക്കാരുടെ ഭൂമി രജിസ്റ്റർ ചെയ്ത് അർത്ഥനാധികാരിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. വിസമ്മതം പ്രകടിപ്പിച്ചവരുടെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. പാലം നിർമ്മാണം സംബന്ധിച്ച സാമൂഹികാഘാത പഠന റിപ്പോർട്ട് പരിശോധിക്കുന്നതിന്

വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുകയും സമിതി ശിപാർശപ്രകാരം ജില്ലാകളക്ടർ ഉത്തരവ് പുറപ്പെടുവിക്കുകയും പ്രാഥമികവിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള പാക്കേജും പ്രഖ്യാപനവും പുറപ്പെടുവിച്ച് അവാർഡ് പാസ്സാക്കി സ്ഥലമേറ്റെടുക്കൽ നടപടി സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

(5) തിരുവനന്തപുരം നഗരത്തിലെ കുടിവെള്ളക്ഷാമം

ശ്രീ. വി. എസ്. ശിവകുമാർ: തിരുവനന്തപുരം നഗരത്തിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും അരുവിക്കരയിൽ നിർമ്മാണത്തിലുള്ള 75 എം.എൽ.ഡി. പ്ലാന്റ് കമ്മീഷൻ ചെയ്യുന്നതിനും നെയ്യാർഡാമിൽനിന്നും തിരുവനന്തപുരം നഗരത്തിൽ ജലമെത്തിക്കുന്നതിനുള്ള പ്രവൃത്തി പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): ക്രമാതീതമായ ഉപയോഗവും പുതിയ കണക്ഷനുകളുടെ വർദ്ധനവും ജലസംഭരണികളിൽ ആവശ്യമായ ജലവിതാനം കൃത്യമായി നിലനിർത്താൻ സാധിക്കാത്തതും ജലത്തിലെ കലങ്ങൽ ക്രമാതീതമായി വർദ്ധിക്കുന്നതും അടിക്കടിയുണ്ടാകുന്ന വൈദ്യുതിതടസ്സവും പ്രധാന പൈപ്പുലൈനുകളിലെ ചോർച്ചയും ജലലഭ്യതക്കുറവ് അനുഭവപ്പെടുന്നതിന്

കാരണമാകാറുണ്ട്. വാൽവ് നിയന്ത്രിച്ചും ടാങ്കർ മുഖേനയും ജലമെത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിന് അരുവിക്കരയിലെ വൈദ്യുതിതടസ്സം ഒഴിവാക്കാൻ ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി കെ.എസ്.ഇ.ബി. പൂർത്തീകരിക്കുകയും ചോർച്ച കണ്ടെത്തുന്നതിന് ലീക്ക് ഡിറ്റക്ഷൻ ടീമിനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന് മോഡെണൈസേഷൻ പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണ പ്രവൃത്തികൾ നടന്നുവരികയാണ്. കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റുന്നതിനുള്ള പ്രവൃത്തിയും തിരുവനന്തപുരം നഗരപ്രദേശങ്ങളിൽ ശുദ്ധജലമെത്തിക്കുന്നതിനായി അമൃത് പദ്ധതിയിൽപ്പെടുത്തി ജലശുദ്ധീകരണശാലയുടെ നിർമ്മാണപ്രവർത്തനങ്ങളും പുരോഗമിക്കുന്നുണ്ട്. നെയ്യാർഡാം മുതൽ തിരുമല വരെയുള്ള പൈപ്പ്‌ലൈൻ സ്ഥാപിക്കലും അനുബന്ധ ഘടകങ്ങൾക്കുമുള്ള വിശദമായ റിപ്പോർട്ടിന്മേൽ കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. പ്രശ്നം അടിയന്തരമായി പരിഹരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(6) <u>പയ്യന്നൂരിലെ കുടിവെള്ളക്ഷാമം</u>

<u>ശ്രീ. സി. കൃഷ്ണൻ</u>: പയ്യന്നൂരിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): ഗ്രാമീണ കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി അനുമതി ലഭിച്ച എരമം-കുറ്റൂർ പദ്ധതിയുടെ പ്ലാനിംഗ്, ഇൻവെസ്റ്റിഗേഷൻ എന്നിവ പൂർത്തിയാക്കുകയും വിശദമായ റിപ്പോർട്ട് തയ്യാറാക്കി വരികയുമാണ്. കാങ്കോൽ-ആലപ്പടമ്പ്, കരിവെള്ളൂർ-പെരളം, തൃക്കരിപ്പൂർ തുടങ്ങിയ പഞ്ചായത്തുകൾക്കായി ഒരു ബൃഹത് കുടിവെള്ള പദ്ധതിയുടെ നിർമ്മാണം നടന്നുവരുന്നു. ചെറുപുഴ പഞ്ചായത്തിലെ പദ്ധതിക്കാവശ്യമായ സർവ്വേ, പ്ലാനിംഗ്, ഇൻവെസ്റ്റിഗേഷൻ എന്നിവ പൂർത്തിയാക്കി വിശദമായ റിപ്പോർട്ട് തയ്യാറാക്കേണ്ടതുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുക്കുന്നതാണ്.

## (7) ലാൻഡ് റിക്ലമേഷൻ സ്കീം

ശ്രീ. ആർ. രാമചന്ദ്രൻ: കടലാക്രമണം തടയുന്നതിനും തീരപ്രദേശം സംരക്ഷിക്കുന്നതിനും ലാൻഡ് റിക്ലമേഷൻ സ്കീം നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): കടലാക്രമണം തടയുന്നതിനും നഷ്ടപ്പെട്ട ഭൂമി വീണ്ടെടുക്കുന്നതിനും പുതിയ കര സൃഷ്ടിച്ച് വികസനം സാധ്യമാക്കുന്നതിനുമാണ് ഡോക്ടർ വി. വി. വേലുക്കുട്ടി അരയൻ ലാൻഡ് റിക്ലമേഷൻ സ്കീം വിഭാവന ചെയ്യുന്നത്. കടൽഭിത്തി നിർമ്മാണത്തിനുള്ള കല്ലുകൾ

ലഭ്യമല്ലാത്തതിനാൽ കടൽക്ഷോഭം പ്രതിരോധിക്കുന്നതിന് മറ്റു മാർഗ്ഗങ്ങൾ തേടേണ്ടത് അനിവാര്യമാണ്. ലാൻഡ് റിക്ലമേഷൻ സ്കീമിനെക്കുറിച്ച് വിദഗ്ദ്ധരുടെ മേൽനോട്ടത്തിൽ വിശദപഠനം നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

(8) റെയിൽപ്പാത നിർമ്മാണം

ശ്രീ. രാജു എബ്രഹാം: അങ്കമാലി-എരുമേലി റെയിൽപ്പാത നിർമ്മാണത്തിലെ അലൈൻമെന്റിലുള്ള തർക്കങ്ങൾ പരിഹരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): അങ്കമാലി-ശബരി റെയിൽപ്പാതയ്ക്കാവശ്യമായ ഭൂമി എറണാകുളം, കോട്ടയം ജില്ലകളിൽനിന്നും ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ തഹസിൽദാർമാരുൾപ്പെട്ട രണ്ട് എൽ.എ. യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽനിന്നും ഭൂമിയേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സാമൂഹികാഘാതപഠനം നടത്താൻ ഡോൺബോസ്ക്കോ ആർട്സ് ആന്റ് സയൻസ് കോളേജിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കോട്ടയം ജില്ലയിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള സംയുക്ത സ്ഥലപരിശോധന പൂർത്തിയായെങ്കിലും റെയിൽവേ ഫണ്ട് അനുവദിച്ചിട്ടില്ല. ഭൂമിയേറ്റെടുക്കുന്നത് സംബന്ധിച്ച തർക്കം പരിഹരിക്കുന്നതിന് റെയിൽവേയും സംസ്ഥാന സർക്കാരും സംയുക്ത നടപടി സ്വീകരിക്കേണ്ടതുണ്ട്.

(9) പാലം പുനർനിർമ്മാണം

ശ്രീ. പി. ഉണ്ണി: ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന പാലക്കാട് ജില്ലയിലെ ഈസ്റ്റ് ഒറ്റപ്പാലം പാലം പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): രണ്ട് സ്മാരകങ്ങൾ പൊളിച്ചുനീക്കേണ്ടിവരുമെന്ന കാരണത്താൽ ഈസ്റ്റ് ഒറ്റപ്പാലം പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ ഭൂമിയേറ്റെടുക്കുന്ന നടപടി പ്രതിസന്ധിയിലാണ്. ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധന നടത്തി തയ്യാറാക്കിയ പുതുക്കിയ അലൈൻമെന്റ് സംബന്ധിച്ച് വിശദമായ ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(10) റോഡ് നിർമ്മാണം

ശ്രീ. മാത്യു ടി. തോമസ്: ഭരണാനുമതി ലഭിച്ച തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കിഫ്ബിയുടെ ധനസഹായത്തോടെ ആരംഭിച്ച തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ്

റോഡിന്റെ നിർമ്മാണപ്രവൃത്തിക്കാവശ്യമായ ഭൂമിയേറ്റെടുത്ത് നൽകിയാലുടൻ 'റിക്ക് ' അതിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്; അല്ലാത്തപക്ഷം പൊതുമരാമത്ത് വകുപ്പ് ഇടപെട്ട് മറ്റേതെങ്കിലും രീതിയിൽ പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

## V മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## VI ധനകാര്യം

2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ
ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXX - ഭക്ഷ്യം
(1260,92,31,000 രൂപ)

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXI - മൃഗസംരക്ഷണം
(491,88,85,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXII - ക്ഷീരവികസനം

(122,72,74,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXIV - വനം
(448,93,74,000 രൂപ)

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയേയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയേയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയേയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവനകൾ മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

ശ്രീ. ജോർജ് എം. തോമസ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മാവേലി സ്റ്റോറുകൾ/സൂപ്പർമാർക്കറ്റുകൾ പുതുതായി ആരംഭിക്കുന്നതിനും പൊതുവിപണിയേക്കാൾ വിലക്കുറവിൽ നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രധാന ജംഗ്ഷനുകളിൽ മാവേലി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിനും അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനും നടപടിയുണ്ടാകണം. ക്ഷീരമേഖലയിൽ സ്വയംപര്യാപ്തത

കൈവരിക്കാനും ഉല്പാദനരംഗത്ത് ഗണ്യമായ വർദ്ധനവുണ്ടാക്കാനും സാധിച്ചിട്ടുണ്ട്. പാൽവില വർദ്ധനവിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ സിംഹഭാഗവും ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നതിനും പെൻഷൻതുക വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ച നടപടി അഭിനന്ദനാർഹമാണ്. വനവൽക്കരണ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും വന്യമൃഗശല്യത്തിൽനിന്നും കർഷകരെ രക്ഷിക്കുന്നതിനും നടപടിയുണ്ടാകണം.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പച്ചക്കറിയുൾപ്പെടെയുള്ള അവശ്യസാധനങ്ങൾക്ക് വില വർദ്ധിച്ചിട്ടില്ലെന്ന അവകാശവാദം അപഹാസ്യമാണ്. വില കുറച്ച് വിതരണം ചെയ്യുന്ന പതിമൂന്നിനം അവശ്യസാധനങ്ങളുടെ സ്റ്റോക്ക് ഉറപ്പുവരുത്താൻ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. കാലിത്തീറ്റയുടെ വിലവർദ്ധനവും തീറ്റപ്പുല്ലിന്റെ അഭാവവും ക്ഷീരകർഷകരെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. പ്രളയത്തിൽ പശുക്കളെ നഷ്ടപ്പെട്ട ക്ഷീരകർഷകർക്കായി സൈനികഫാമുകളിൽനിന്നും അത്യുല്പാദന ശേഷിയുള്ള കറവപ്പശുക്കളെ തുച്ഛമായ വിലയ്ക്ക് വാങ്ങിനൽകാനും മിൽമയെ ശക്തിപ്പെടുത്താനും നടപടി സ്വീകരിക്കണം.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ക്ഷീരവികസന വകുപ്പിന്റെ ചിട്ടയായ പ്രവർത്തനഫലമായി ക്ഷീരമേഖലയിൽ

സ്വയംപര്യാപ്തത കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. മിൽക്ക് പ്രോഡക്ട്സ് ഫെസിലിറ്റേഷൻ സെന്ററിന്റെയും ക്വാളിറ്റി കൺട്രോൾ ഓഫീസുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കണം. തീറ്റപ്പുൽക്കൃഷി വ്യാപിപ്പിച്ചതും ക്ഷീര സഹകരണസംഘങ്ങൾവഴി തീറ്റപ്പുൽ ഉല്പാദിപ്പിച്ച് കർഷകർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചതും കോഴിക്കോട് പുതിയ കാലിത്തീറ്റ ഫാക്ടറി ആരംഭിച്ചതും ക്ഷീര കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയതും സ്വാഗതാർഹമാണ്. വെറ്ററിനറി പോളിക്ലിനിക്കുകളുടെ പ്രവർത്തനം വ്യാപിപ്പിക്കാനും ചെക്ക് പോസ്റ്റുകളിൽ പുതിയ വെറ്ററിനറി സർജന്മാരെ നിയമിക്കാനും ഇലക്ട്രിക് ഫെൻസിംഗിനും ട്രെഞ്ച് കുഴിക്കുന്നതിനുമുള്ള തുക വർദ്ധിപ്പിക്കാനും ഇക്കോടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ നിർമ്മാർജ്ജനത്തിനും നടപടി സ്വീകരിക്കണം. വനംവകുപ്പിൽ ജോലി ചെയ്യുന്ന വാച്ചർമാരെ പിരിച്ചുവിടാനുള്ള തീരുമാനം പിൻവലിക്കണം. ആനയുടെ ഉടമസ്ഥതയ്ക്കുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടിയുണ്ടാകണം. പുതിയ റേഷൻകാർഡുകൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനാവശ്യമായ തുക അനുവദിക്കാനും ദൂരപരിധി പരിഗണിച്ച് നിർത്തലാക്കിയ ഡിപ്പോകൾ പുന:സ്ഥാപിക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. റേഷൻകടകളെ ആധുനികവൽക്കരിക്കുന്നതിനും ഇ-പോസ് മെഷീനുകൾ ത്രാസുമായി ബന്ധിപ്പിക്കുന്നതിനും കൃത്യമായ അളവിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനും ആധുനിക സൗകര്യങ്ങളോടുകൂടിയ ഗോഡൗൺ സംവിധാനം ഏർപ്പെടുത്തുന്നതിനും വിലക്കയറ്റം നിയന്ത്രിക്കുന്നതിനും നെല്ലിന്റെ സംഭരണവില കുടിശ്ശികയില്ലാതെ നൽകുന്നതിനും നടപടി സ്വീകരിക്കണം. പ്രളയാനന്തരം പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കണം. ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനും ക്ഷീരകർഷകർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിനും 'ക്ഷീരഗ്രാമം പദ്ധതി' പുനരാരംഭിക്കുന്നതിനും സർക്കാർ തയ്യാറാകണം. പ്രളയത്തിൽ പശുക്കൾ നഷ്ടപ്പെട്ട ക്ഷീരകർഷകർക്ക് സൗജന്യമായി കറവപ്പശുക്കളെ നൽകുന്ന നടപടി ത്വരിതപ്പെടുത്തണം.

<u>ശ്രീ. പി. സി. ജോർജ്</u>: റേഷൻകടകൾവഴി നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിനും റേഷൻകടകളുടെ ഏരിയ നിശ്ചയിക്കുന്നതിനും സ്കൂൾ കുട്ടികൾക്കും വിധവകൾക്കും മുട്ടക്കോഴികളെ വിതരണം ചെയ്യുന്നതിനും കുടുംബശ്രീ യൂണിറ്റുകൾക്ക് ആടുകളെ നൽകുന്നതിനും ഇലക്ട്രിക് ഫെൻസിംഗിന്റെ സംരക്ഷണത്തിനായി പ്രാദേശിക

കമ്മിറ്റികൾ രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. റേഷൻകാർഡിന് ലഭിക്കുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ റേഷൻകടകളിൽ പ്രദർശിപ്പിക്കുന്നതിനും സാമൂഹ്യമാധ്യമങ്ങൾവഴി സാധാരണക്കാരെ അറിയിക്കുന്നതിനും ഇ-പോസ് മെഷീനുകൾ ത്രാസുമായി ബന്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. അനർഹരായ ബി.പി.എൽ. കാർഡുടമകളെ ഒഴിവാക്കിയതും അപേക്ഷിച്ചവർക്കെല്ലാം പുതിയ കാർഡുകൾ നൽകിയതും മാവേലിസ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളാക്കി അപ്ഗ്രേഡ് ചെയ്തതും ശ്ലാഘനീയമാണ്. വന്യമൃഗങ്ങൾക്ക് ഭക്ഷണവും വെള്ളവും വനത്തിനുള്ളിൽത്തന്നെ ഉറപ്പുവരുത്തണം. ഇലക്ട്രിക് ഫെൻസിംഗ് സംരക്ഷിക്കുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തണം. വനംവകുപ്പിനുകീഴിൽ 20 വർഷമായി ജോലിചെയ്തുവരുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട വാച്ചർമാരെ സ്ഥിരപ്പെടുത്തണം. മിൽമയെ ശക്തിപ്പെടുത്തുന്നതിനും മിൽമയുടെ ഉല്പന്നങ്ങൾ വിദേശരാജ്യങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. ജെ. ജോസഫ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

അത്യുൽപ്പാദനശേഷിയുള്ള കന്നുകാലികളെ സംസ്ഥാനത്ത് ലഭ്യമാക്കുന്നതിനും ക്ഷീരകർഷകരെ സംരക്ഷിക്കുന്നതിനും ഗവൺമെന്റ് സ്കൂളുകളിലെ കുട്ടികൾക്ക് പാൽ നൽകുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. സി. കെ. ഹരീന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി നടപ്പാക്കിവരുന്ന 'കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്' ഉൾപ്പെടെയുള്ള പദ്ധതികൾ ശ്ലാഘനീയമാണ്. പാലുൽപ്പാദനത്തിൽ ഒന്നാം സ്ഥാനത്തുനിൽക്കുന്ന പെരുങ്കടവിള ബ്ലോക്കിലുൾപ്പെടെ കൂടുതൽ മൃഗാശുപത്രികൾ അനുവദിക്കുന്നതിനും കന്നുകാലികൾക്ക് രാത്രികാല ചികിത്സ ഉറപ്പാക്കുന്നതിനും താലൂക്കുതലങ്ങളിൽ ലാബ് സൗകര്യത്തോടുകൂടിയ പോളിക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം. ജലസംരക്ഷണാർത്ഥം ജനവാസമേഖലയിലെ അക്കേഷ്യാ മരങ്ങൾ പൂർണ്ണമായും നീക്കംചെയ്യാൻ നടപടിയുണ്ടാകണം. വനവിഭവ പരിപാലനം ജനപങ്കാളിത്തത്തോടെ ആസൂത്രണം ചെയ്യുകയും വനത്തെ ആശ്രയിച്ച് ജീവിക്കുന്നവരുടെ ജീവിതമാർഗ്ഗം മെച്ചപ്പെടുത്തുകയും വേണം. വന്യജീവി സംരക്ഷണകേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി സർക്കാർ നടത്തുന്ന പ്രവർത്തനം പ്രശംസനീയമാണ്. കുമ്പിച്ചൽക്കടവ് പാലം നിർമ്മിക്കുന്നതിനും കാപ്പുകാട് ആനപരിപാലന കേന്ദ്രത്തിന്റെ വികസനപദ്ധതികൾ

പൂർത്തിയാക്കുന്നതിനും തയ്യാറാകണം. പുത്തൂർ വനഭൂമിയിൽ സുവോളജി പാർക്ക് നിർമ്മിക്കാനുള്ള തീരുമാനത്തെ സ്വാഗതം ചെയ്യുന്നു. 'വിശപ്പുരഹിത കേരളം പദ്ധതി' എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനും റേഷൻ സംവിധാനം കാര്യക്ഷമമാക്കുന്നതിന് പുതിയ ഗോഡൗണുകൾ സ്ഥാപിക്കുന്നതിനും വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനും ബി.പി.എൽ./എ.പി.എൽ. കാർഡ് വിഭജനത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മണ്ഡലാടിസ്ഥാനത്തിൽ ജനകീയ സമിതികൾ രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ആന്റണി ജോൺ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഭക്ഷ്യ ഭദ്രതാ നിയമം സമയബന്ധിതമായി നടപ്പാക്കുന്നതിനും പൊതുവിതരണ സംവിധാനം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനും നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും നെല്ല് സംഭരണം കാര്യക്ഷമമാക്കുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്. സമഗ്ര ക്ഷീരവികസന പദ്ധതി ആവിഷ്കരിച്ചതും സബ്സിഡി നിരക്കിൽ കറവയന്ത്രം നൽകിയതും ക്ഷീരകർഷകരുടെ വായ്പ എഴുതിത്തള്ളിയതും പാൽവില ചാർട്ട് പരിഷ്കരിച്ചതും പ്രശംസനീയമാണ്. ഇതര സംസ്ഥാനങ്ങളിൽനിന്നും വരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും പാലിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കണം. വന്യജീവി ആക്രമണം തടയുന്നതിന് നൂതന

സംവിധാനങ്ങളൊരുക്കണം. കൂടുതൽ ഇക്കോടൂറിസം പദ്ധതികൾ ആരംഭിക്കുന്നതിനും ഇടമലയാർ കേന്ദ്രീകരിച്ച് ഹൈഡൽ ടൂറിസം നടപ്പാക്കുന്നതിനും മുടങ്ങിക്കിടക്കുന്ന മലയോരഹൈവേയുടെ നിർമ്മാണം പുനരാരംഭിക്കുന്നതിനും നടപടിയുണ്ടാകണം.

ശ്രീ. ഒ. ആർ. കേളു: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധനവ് ഫലപ്രദമായി നിയന്ത്രിക്കുന്നതിനും ഇ-പോസ് സംവിധാനം നടപ്പിലാക്കുകവഴി യഥാർത്ഥ ഉപഭോക്താക്കൾക്ക് സാധനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്. മൃഗസംരക്ഷണ മേഖലയിൽ ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കിയതും മാലിന്യ രഹിത വനങ്ങൾ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചതും പ്രശംസനീയമാണ്. വനസംരക്ഷണം ഉറപ്പാക്കുന്നതോടൊപ്പം വനത്തിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ ആവാസകേന്ദ്രങ്ങൾ സംരക്ഷിക്കുന്നതിനും ടൂറിസം പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. വന്യജീവി ആക്രമണം തടയുന്നതിനായി നൂതന പദ്ധതികൾ ആവിഷ്കരിക്കണം. തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീരമേഖലയെ ഉൾപ്പെടുത്തണം.

ശ്രീ. ഇ. കെ. വിജയൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പുതിയ റേഷൻകാർഡുകൾ വിതരണം ചെയ്യുന്നതിനും വിലക്കയറ്റം തടയുന്നതിനും നടപടി

സ്വീകരിക്കണം. സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ, വിശപ്പുരഹിത കേരളം തുടങ്ങിയ പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതോടൊപ്പം എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുകയും ചെയ്യണം. റേഷൻകടകളുടെ നവീകരണം ഉറപ്പാക്കണം. വന്യജീവി ആക്രമണംമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വനം-വനേതര ഭൂമിയുടെ റീ-സർവ്വേ നടത്തുന്നതിനും 'പച്ചത്തുരുത്ത് പദ്ധതി' നടപ്പാക്കുന്നതിനും നടപടിയുണ്ടാകണം. ഇക്കോട്ടൂറിസം, പുഴകളുടെ മലിനീകരണം തടയൽ തുടങ്ങിയ പദ്ധതികൾ ശക്തിപ്പെടുത്താനും പുഴയോര സംരക്ഷണത്തിന്റെ ഭാഗമായി മുളവൽക്കരണം നടപ്പിലാക്കാനും നടപടിയുണ്ടാകണം. ആട് വളർത്തൽ പ്രോത്സാഹിപ്പിക്കണം.

ശ്രീ. കെ. കുഞ്ഞിരാമൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഉദുമ മണ്ഡലത്തിലെ പള്ളിക്കര പഞ്ചായത്തിൽ മാവേലിസ്റ്റോർ യാഥാർത്ഥ്യമാക്കുന്നതിനും ഭക്ഷ്യ സാധനങ്ങളുടെ വിതരണം വിപുലീകരിക്കുന്നതിനും നടപടി സ്വീകരിക്കണം. കാസർഗോഡ് ജില്ലയിലെ ഏലമ്പാടി പ്രദേശത്ത് റോഡ് നിർമ്മാണം നടത്തുന്നതിനുള്ള ഇടപെടലുണ്ടാകണം. വനപ്രദേശങ്ങളിലെ റോഡുകൾ സംരക്ഷിക്കുന്നതിനും കാട്ടാനകളുടെ ആക്രമണം തടയുന്നതിനും അക്രമവാസനയുള്ള കുരങ്ങുകളെ വന്ധ്യംകരിക്കുന്നതിനും പഞ്ചായത്തുകൾതോറും വകുപ്പുകളുടെ ഏകോപനത്തോടെ ഭൂമി കണ്ടെത്തി വനം

വച്ചുപിടിപ്പിക്കുന്നതിനും ക്ഷീരമേഖലയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും നടപടിയുണ്ടാകണം.

ശ്രീ. കെ. എൻ. എ. ഖാദർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങൾ പ്രവർത്തനക്ഷമമാക്കണം. റേഷൻകാർഡ് വിതരണം പൂർത്തീകരിക്കാനും വിലക്കയറ്റം തടയാനും നടപടി സ്വീകരിക്കണം. ആവാസവ്യവസ്ഥ നിലനിർത്തി വനം സംരക്ഷിക്കാനും വനം കയ്യേറ്റക്കാരെ ഒഴിപ്പിക്കാനും തയ്യാറാകണം.

ശ്രീ. സി. കെ. ശശീന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ബി.പി.എൽ. മുൻഗണനാലിസ്റ്റിൽ വയനാട് ജില്ലയിലെ തോട്ടം തൊഴിലാളികളെക്കൂടി ഉൾപ്പെടുത്താനും പ്രസ്തുത പ്രദേശത്തെ ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് റേഷൻ ലഭ്യമാക്കാനും പ്രത്യേക താലൂക്കുതല അദാലത്ത് സംഘടിപ്പിക്കണം. ക്ഷീരമേഖലയെ കാർഷിക പട്ടികയിലുൾപ്പെടുത്താൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണം. വയനാടൻ നാടൻ പശുക്കളെ സംരക്ഷിക്കുന്നതിനും സുസ്ഥിര ജൈവ പാലുത്പാദന പദ്ധതി ആരംഭിക്കാനും നടപടിയുണ്ടാകണം. മൃഗാശുപത്രികളുടെ എണ്ണം വർദ്ധിപ്പിക്കാനും ഗുണനിലവാരമുള്ള ജൈവകാലിത്തീറ്റ ഉത്പാദിപ്പിക്കാനും ഡയറി ഫിനാൻസ് കോർപ്പറേഷൻ രൂപീകരിക്കാനും മുൻകയ്യെടുക്കണം. തേക്ക്, യൂക്കാലിപ്റ്റസ് പോലുള്ള ഏകവിള തോട്ടങ്ങളിൽ ഫലവൃക്ഷങ്ങൾ

വച്ചുപിടിപ്പിക്കണം. വന്യമൃഗശല്യം ഒഴിവാക്കുന്നതിന് കാടും നാടും ശാസ്ത്രീയമായി വേർതിരിക്കണം. വനം വകുപ്പ് അന്യായമായി കൈവശം വച്ചിരിക്കുന്ന ഭൂമി ഉടമസ്ഥർക്ക് തിരിച്ചുനൽകാൻ നടപടി സ്വീകരിക്കണം.

ശ്രീ. സണ്ണി ജോസഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജനവാസ കേന്ദ്രങ്ങളിലെ വന്യമൃഗശല്യത്തിന് ശാശ്വത പരിഹാരമുണ്ടാക്കണം. ക്ഷീര സഹകരണ സംഘങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തണം. ക്ഷീര കർഷകർക്കുള്ള മെഡി ക്ലെയിം പ്രീമിയം തുകയുടെ വർദ്ധനവും പശുക്കൾക്കുള്ള ഇൻഷ്വറൻസ് പ്രീമിയത്തിലെ കുറവും പരിശോധിക്കപ്പെടണം. പ്രളയദുരന്തത്തിൽ ജീവഹാനി സംഭവിച്ച മൃഗങ്ങൾക്കുള്ള നഷ്ടപരിഹാരം ഉടമകൾക്ക് നൽകണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സഭാതലത്തിൽ ഉയർന്നുവന്ന വിമർശനങ്ങളെയും നിർദ്ദേശങ്ങളെയും സ്വാഗതം ചെയ്യുന്നു. റേഷൻകാർഡ് വിതരണവുമായി ബന്ധപ്പെട്ട് മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ തെറ്റുകൾ തിരുത്തി അർഹരെ ഉൾപ്പെടുത്താനും അനർഹരെ ഒഴിവാക്കാനുമുള്ള ശ്രമങ്ങൾ നടന്നുവരുന്നു. 'വാതിൽപ്പടി വിതരണം', കാർഡുടമകളെ എസ്.എം.എസ്. മുഖേന വിവരങ്ങൾ അറിയിക്കൽ തുടങ്ങിയ

പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടക്കുന്നുണ്ട്. റേഷൻകടകളിൽ കാർഡ് തിരിച്ചുള്ള സാധനങ്ങളുടെ കണക്കുകൾ പ്രദർശിപ്പിക്കുന്നതാണ്. റേഷൻ വ്യാപാരികൾക്ക് പുതിയ വേതന പാക്കേജ് നടപ്പാക്കിയതിലൂടെ അഴിമതി കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. ഇ-പോസ് മെഷീനുമായി ത്രാസ് ബന്ധിപ്പിക്കുന്ന നടപടിയും വിജിലൻസ് കമ്മിറ്റി രൂപീകരണവും പുരോഗമിക്കുന്നുണ്ട്. ആദിവാസി ഊരുകളിൽ ഭക്ഷ്യധാന്യം എത്തിക്കുന്ന പദ്ധതി വിജയകരമായി തുടരുന്നുണ്ട്. റേഷൻകടകൾവഴി ശബരി ഉൽപ്പന്നങ്ങളും കുപ്പിവെള്ളവും വിൽക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രതികൂലസാഹചര്യങ്ങളിലും വിപണിയിടപെടലിലൂടെ അവശ്യവസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിക്കാനും മാവേലി സ്റ്റോർ, ഹൈപ്പർ മാർക്കറ്റ്, പീപ്പിൾസ് ബസാർ എന്നിവ കൂടുതൽ ആരംഭിക്കാനും സാധിച്ചിട്ടുണ്ട്. മാവേലിസ്റ്റോറുകളില്ലാത്ത പഞ്ചായത്തുകളിൽ ഈ സാമ്പത്തിക വർഷംതന്നെ അവ ആരംഭിക്കുന്നതാണ്. നിർമ്മാണം പുരോഗമിക്കുന്ന സബർബൻ മാളിന്റെ പ്രവർത്തനം ഓണത്തിന് മുൻപ് ആരംഭിക്കുന്നതിനും സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് എല്ലാ ജില്ലകളിലും ഹൈപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതിനും ഉപഭോക്തൃഫോറങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ലിസ്റ്റ് ചെയ്യപ്പെട്ട മില്ലുടമകൾവഴി നെല്ല്

സംഭരിക്കുന്നതിനും ബാങ്കുകളുടെ കൺസോർഷ്യവുമായി ചർച്ച നടത്തി നെല്ല് സംഭരണ കുടിശ്ശിക തുക ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): വനസംരക്ഷണത്തിനും ക്ഷീരമേഖലയുടെ ഉന്നമനത്തിനുമായി അംഗങ്ങൾ മുന്നോട്ടുവച്ച ആശയങ്ങളെ സ്വാഗതം ചെയ്യുന്നു. ഹരിത കേരളം മിഷന്റെ ഭാഗമായി ജല-വൃക്ഷ സംരക്ഷണത്തിനുള്ള പ്രവർത്തനങ്ങൾക്കാണ് സർക്കാർ പ്രാധാന്യം നൽകുന്നത്. കിഫ്ബി മുഖേന അനുവദിച്ച തൃശ്ശൂരിലെ സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. 50 ആനകളെക്കൂടി പരിപാലിക്കാൻ സാധിക്കുന്ന വിധത്തിൽ കോട്ടൂരിൽ ആനപരിപാലന കേന്ദ്രം ആരംഭിക്കുന്നതാണ്. വന്യജീവി ആക്രമണംമൂലമുള്ള നാശനഷ്ടങ്ങളൊഴിവാക്കാൻ വനാതിർത്തികളിൽ സൗരോർജ്ജവേലി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി നടന്നുവരികയാണ്. സംയുക്ത യോഗം നടത്തി ആറളം ഫാമിലെ വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കുകയും ഒരു ഫോറസ്റ്റ് സ്റ്റേഷൻ സ്ഥാപിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. പന്നികളുടെ ആക്രമണം കൂടുതലുണ്ടാകുന്ന കൃഷിസ്ഥലങ്ങൾ കണ്ടെത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതിനുള്ള ഉത്തരവ്

പുറപ്പെടുവിക്കുകയും വന്യജീവികൾക്കാവശ്യമായ വെള്ളവും ആഹാരവും പരമാവധി വനത്തിൽത്തന്നെ ലഭ്യമാക്കാൻ കഴിയുന്ന പ്രോജക്റ്റുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കെ.എഫ്.ഡി.സി.-യുടെയും വനത്തിന്റെയും അധീനതയിലുള്ള തോട്ടങ്ങളിൽ ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 361 ഹെക്ടർ വനവിസ്തൃതി വർദ്ധിപ്പിക്കുകയും 5001 ഹെക്ടറോളം കണ്ടൽക്കാടുകൾ ഏറ്റെടുത്ത് സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വന്യജീവി സാന്നിദ്ധ്യം മനസ്സിലാക്കാൻ കഴിയുന്ന എസ്.എം.എസ്. അലർട്ട് സിസ്റ്റം നടപ്പാക്കുകയും വന്യജീവി ആക്രമണങ്ങളിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം 10 ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആദിവാസി വിഭാഗത്തിൽപ്പെട്ട 500 യുവാക്കൾക്ക് വനം വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിയമനം നൽകാൻ തീരുമാനിക്കുകയും 150-ലധികം വനിതകളെ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. മറയൂർ ചന്ദന ഫോറസ്റ്റിന് സംരക്ഷണം നൽകാൻ പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ചന്ദനം റീട്ടെയിലായി വിവിധ ഡിപ്പോകളിലൂടെ വിൽപ്പന നടത്തുന്നതിനും വനം

വകുപ്പിലെ നിർമ്മാണപ്രവർത്തനങ്ങൾ കോൺട്രാക്ട് അടിസ്ഥാനത്തിൽ ചെയ്യുന്നതിനും ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. തദ്ദേശീയ ഇനങ്ങളിൽപ്പെട്ട പശുക്കളെയും പശുക്കുട്ടികളെയും കർഷകർക്ക് എത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും കന്നുകാലി പ്രജനന നയം പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. വെച്ചൂർ പശുക്കളെ വളർത്തുന്നവർക്ക് ഒറ്റത്തവണ ധനസഹായമായി 10,000 രൂപ വിതരണം ചെയ്യുകയും നാടൻ പശുക്കളെ വളർത്തുന്നവരെയും ശാസ്ത്രീയമായി പരിപാലിക്കുന്ന സംഘടനകൾ, സൊസൈറ്റികൾ, കർഷക കൂട്ടായ്മകൾ എന്നിവരേയും പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാനതലത്തിൽ പ്രത്യേകം അവാർഡുകൾ നൽകുകയും ചെയ്യുന്നുണ്ട്. പ്രളയത്തിൽ ഉരുക്കൾ, കിടാരി, താറാവ് എന്നിവ നഷ്ടപ്പെട്ടവർക്ക് ദുരന്തനിവാരണ മാനദണ്ഡപ്രകാരം 21.99 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹായത്തോടെ ഒരു ആദിവാസി കുടുംബത്തിന് രണ്ട് പശുക്കളെ വീതം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതാണ്. പാലുല്പാദനത്തിൽ സംസ്ഥാനം സ്വയംപര്യാപ്തതയിലേയ്ക്ക് നീങ്ങുന്ന സാഹചര്യത്തിൽ പാലുല്പന്നങ്ങൾ കൂടുതൽ ഉല്പാദിപ്പിക്കണമെന്ന് മിൽമയോട് ആവശ്യപ്പെട്ടിട്ടുണ്ട്. അനാവശ്യ ധൂർത്ത്

അവസാനിപ്പിച്ച് മിൽമയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനാണ് സർക്കാർ ശ്രമിക്കുന്നത്. പാലും പാലുല്പന്നങ്ങളും ഇറക്കുമതി ചെയ്യാനുള്ള കേന്ദ്ര സർക്കാർ നീക്കത്തിനെതിരെ യോജിച്ച് പോരാടണം. പാലിന് ഉയർന്നവില നൽകുന്നതിനും വിലവർദ്ധനവിന്റെ സിംഹഭാഗവും ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കുടുംബശ്രീ മിഷനുമായി ചേർന്ന് 'കേരള ചിക്കൻ' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയും 24-നെതിരെ 73 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.55-ന് പിരിഞ്ഞു.

* * * * *